**കേരള സർക്കാർ**

**ധനകാര്യ (എസ്.എഫ്.സി സെൽ-ബി) വകുപ്പ്**

## സർക്കുലർ

**നം. 94/2014/ധന.** തീയതി, തിരുവനന്തപുരം, 21/10/2014.

വിഷയം: ധനകാര്യ വകുപ്പ് - 31/03/2014 നകം ട്രഷറിയിൽ നിന്നും മാറാൻ സാധിക്കാതിരുന്ന പ്രാദേശിക സർക്കാരുകളുടെ ബില്ലുകൾ പണമാക്കുന്നതുമായി ബന്ധപ്പെട്ട് വിശദീകരണം നൽകുന്നതു സംബന്ധിച്ച് :

സൂചന: 19/04/2014 ലെ സ.ഉ (സാധാ) 3421/2014/ധന. നമ്പർ ഉത്തരവ്.

സൂചനയിൽ പരാമർശിച്ചിട്ടുള്ള ഉത്തരവ് പ്രകാരം 31/03/2014 വരെ 'സാംഖ്യ'യിൽ ജനറേറ്റ് ചെയ്ത ബില്ലുകൾ ഏതെങ്കിലും ട്രഷറിയിൽ സ്വീകരിക്കാതെയുണ്ടെങ്കിൽ ആയവ ട്രഷറിയിൽ സ്വീകരിക്കുന്നതിനും വികസന ഫണ്ട് ഉൾപ്പെടെയുള്ളവയുടെ ബില്ലുകൾ 20/04/2014 ന ശേഷം മാറി നൽകുന്നതിനും അനുമതി നൽകിയിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവിൽ എസ്. സി. പി ഫണ്ട്, ടി.എസ്.പി ഫണ്ട് ഇവയുടെ കാര്യം പരാമർശിച്ചിട്ടില്ലാത്തത് പലവിധ സംശയങ്ങൾക്ക് ഇടയാക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ, എസ്. സി. പി ഫണ്ട്, ടി.എസ്.പി ഫണ്ട് എന്നിവ വികസന ഫണ്ടിന്റെ ഭാഗമാണ് എന്ന വിശദീകരണം ഇതിനാൽ പുറപ്പെടുവിക്കുന്നു.

**ടി.കെ.സോമൻ**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( എ & ഇ) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ജി & എസ്.എസ്.എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ ( ഇ & ആർ. എസ്.എ), കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ പ്രാദേശിക സർക്കാരുകൾക്കും.
എല്ലാ ജില്ലാ/ സബ് ട്രഷറി ഓഫീസർമാർക്കും( ട്രഷറി ഡയറക്ടർ മുഖേന).
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്.
പഞ്ചായത്ത് / നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ , ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമെൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ദി നോഡൽ ഓഫീസർ, www.finance.kerala.gov.in
ധനകാര്യ (അക്കൗണ്ട്സ് - എ/ബഡ്ജറ്റ് - ജെ) വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ